"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- കൊല്ലം, കൊട്ടാരക്കര താലൂക്കിൽ, കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 48 ൽ റീസർവേ നമ്പർ 333/7 ൽപ്പെട്ട സർക്കാർ പുറമ്പോക്കിലെ 31.91 ആർസ് ഭൂമി കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് ഓഫീസ്, ഷോപ്പിംഗ് കോപ്ലക്സ് എന്നിവ വിപുലീകരിച്ച് പുതുക്കിപ്പണിയുന്നതിനും, തൊഴിലുറപ്പ് സ്മാർട്ട് ഓഫീസ്, സ്മാർട്ട് ഹോമിയോ ഡിസ്പെൻസറി, സ്മാർട്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനും കടയ്ക്കൽ ഗ്രാമപഞ്ചായത്തിന് നിബന്ധനകൾക്ക് വിധേയമായി 12,63,636/- രൂപ വാർഷിക പാട്ടത്തിനു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.134/2026/RD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01/08/2025 ലെ അപേക്ഷ
2. കൊല്ലം ജില്ലാ കളക്ടറുടെ 14-02-2026 ലെ DCKLM/5105/2025-L15 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മിഷണറുടെ 24-02-2026 ലെ LR/1764/2026-LR(J9) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിൽ, കടയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 48 ൽ റീസർവേ നമ്പർ 333/7 ൽപ്പെട്ട 31.91 ആർസ് സർക്കാർ പുറമ്പോക്ക് ഭൂമി കടയ്ക്കൽ ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് ഓഫീസ്, ഷോപ്പിംഗ് കോപ്ലക്സ് എന്നിവ വിപുലീകരിച്ച് പുതുക്കിപ്പണിയുന്നതിനും, തൊഴിലുറപ്പ് സ്മാർട്ട് ഓഫീസ്, സ്മാർട്ട് ഹോമിയോ

ഡിസ്പെൻസറി, സ്മാർട്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനും, കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 48 ൽ റീസർവേ നമ്പർ 333/7 ൽപ്പെട്ട, 40 ആർസ് സർക്കാർ പുറമ്പോക്കിൽ നിന്നും, കടയ്ക്കൽ താലൂക്കാശുപത്രി വികസനത്തിന് വേണ്ടി ആരോഗ്യ വകുപ്പിന് കൈമാറിയ 8.09 ആർസ് സ്ഥലത്തിന്റെ ബാക്കിവരുന്ന 31.91 ആർസ് സ്ഥലം GO (MS) No 96/2016/RD ലെ ക്രമനമ്പർ 7 (iii) പ്രകാരം കമ്പോള വിലയുടെ 5% പാട്ടത്തിനു അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) &(3) പ്രകാരം ജില്ലാ കളക്ടറും, ലാൻഡ് റവന്യൂ കമ്മീഷണറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. ദീർഘകാലമായി പ്രവർത്തിച്ചു വരുന്ന ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് , ഷോപ്പിംഗ് കോംപ്ലക്സ് , CDS ഓഫീസ് എന്നിവ നിൽക്കുന്ന ഭൂമിയാണ് പാട്ടത്തിനു അപേക്ഷിച്ചിട്ടുള്ളത് എന്ന വസ്തുതയും, ജില്ലാ കളക്ടറുടെയും, ലാൻഡ് റവന്യൂ കമ്മിഷണറുടെയും ശിപാർശയും പരിഗണിച്ച് കൊല്ലം, കൊട്ടാരക്കര താലൂക്കിൽ, കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 48 ൽ റീസർവേ നമ്പർ 333/7 ൽപ്പെട്ട 40 ആർസ് സർക്കാർ പുറമ്പോക്കിൽ നിന്നും, കടയ്ക്കൽ താലൂക്കാശുപത്രി വികസനത്തിന് വേണ്ടി ആരോഗ്യവകുപ്പിന് കൈമാറിയ 8.09 ആർസ് സ്ഥലത്തിന്റെ ബാക്കിവരുന്ന 31.91 ആർസ് സ്ഥലം കടയ്ക്കൽ ഗ്രാമ ഗ്രാമപഞ്ചായത്തിന് Rs. 12,63,636/- രൂപ വാർഷിക പാട്ടത്തിന് ചുവടെ ചേർത്ത നിബന്ധനകൾ പ്രകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii.ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii. ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv.ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടതാണ്.

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല — അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi. ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% -മോ അതിന് മുകളിലോ പിഴപ്പലിശ ഈടാക്കുന്നതുമാണ്.

viii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചാലോ അല്ലെങ്കിൽ സ്ഥാപനം പ്രവർത്തനരഹിതമായോലോ, ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം

സെക്രട്ടറി, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 16-03-2026 12:49:26

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ